# അക്കാദമിക മാസ്റ്റർ പ്ലാൻ

ജി. എൽ. പി. എസ്
എടക്കൽ

# ആമുഖം

ചരിത്ര പ്രസിദ്ധമായ എടക്കൽ ഗുഹയുടെ താഴ്‌വാരത്ത് സ്ഥിതിചെയ്യുന്ന സ്കൂളാണ് GLPS Edakkal. 1998 ൽ പരിസരവാസികളുടെ പ്രവർത്തന ഫലമായി രൂപീകരിച്ച സ്കൂളാണിത്. പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ്സ് വരെ അമ്പതോളം കുട്ടികൾ ഇന്നിവിടെ പഠിക്കുന്നുണ്ട്. കലാകായിക മേഖലകളിൽ മികച്ച പരിശീലനം നൽകാൻ സന്നദ്ധരായ അധ്യാപകരാണിവിടെയുള്ളത്.

സ്കൂൾ അന്തരീക്ഷം വളരെ മനോഹരവും വൃത്തിയുള്ളതുമാണ്. സ്കൂൾ കെട്ടിടത്തിന്റെ ബലക്കുറവ് ഈ വിദ്യാലയം അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമായിരുന്നു. പുതിയ കെട്ടിടം പാസായതുകൊണ്ട് അതിനും ഒരു പരിഹാരമാവുകയാണ്.

പ്രധാനാധ്യാപിക ഉൾപ്പെടെ 4 അധ്യാപകരും ഒരു PTCM ഉം നിലവിൽ ഇവിടെയുണ്ട്.

## പൊതു ലക്ഷ്യങ്ങൾ

1. പാഠ്യപദ്ധതി അനുസരിച്ച് ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിൽ ഓരോ കുട്ടിയും നേടേണ്ട പഠന നേട്ടങ്ങൾ പൂർണമായും അവർക്ക് ലഭ്യമാക്കുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും എഴുതാനും വായിക്കാനും ഈ ഭാഷകളിൽ സർഗ്ഗസൃഷ്ടികൾ നടത്താനുള്ള കഴിവ് ഉറപ്പു വരുത്തുക.

3. കുട്ടികളുടെ സർഗ്ഗപരവും ബൗദ്ധികവും കായികവുമായ കഴിവുകൾക്ക് പ്രോത്സാഹനം നല്കാൻ അവസരമൊരുക്കി ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

4. അക്ഷരങ്ങൾ തിരിച്ചറിയാനും വാക്യങ്ങൾ നിർമ്മിക്കാനുമുള്ള അവസരങ്ങൾ നൽകുക

5. വായനാപ്രവർത്തനങ്ങൾ കൂടുതലായി നൽകുക (വായനാവത്സരം, ഗ്രന്ഥശാല Membership) എന്നിവ നടത്തുക.

6.

# അടിസ്ഥാനശേഷി വികസനം

## മലയാളം

ലക്ഷ്യം : ഭാഷാപരമായ മികവ്

പ്രീടെസ്റ്റ് നടത്തി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ തെരഞ്ഞെടുത്ത് മൊഡ്യൂൾ തയ്യാറാക്കി രണ്ട് മാസത്തെ പരിശീലനം, കുഞ്ഞു വായന പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലാസ്റൂം ലൈബ്രറി ശാക്തീകരണം. പുസ്തകശേഖരണത്തിനായുള്ള ഗൃഹ സന്ദർശനം. അസംബ്ലിയിൽ പുസ്തക പരിചയം , അമ്മവായന, കുട്ടികളുടെ സർഗ്ഗാത്മക രചനകൾ ഉൾപ്പെടുത്തിയുള്ള അവതരണം.

## ഇംഗ്ലീഷ്

ലക്ഷ്യം: ഭാഷാപരമായ മികവ്

ഒന്നുമുതൽ 4 വരെ ക്ലാസിൽ എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനും. സംസാരിക്കാനുമുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിനായി പതിപ്പ്, ശില്പശാല, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്; ഇംഗ്ലീഷ് അസംബ്ലി വർക്ക് ഷീറ്റുകൾ.

## ഗണിതശേഷി വികസനം

ജൂണിൽ പ്രീ ടെസ്റ്റ് നടത്തുന്നു. 3, 4
ക്ലാസുകളിൽ . ചതുഷ്ക്രിയകളിൽ പ്രയാസം
നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം.
ഒന്നു മുതൽ നാല് വരെ ക്ലാസുകളിലെ കുട്ടികൾക്ക്
ആവശ്യമായ പഠനോപകരണ നിർമ്മാണം.
ഗണിത മേളക്ക് കുട്ടികളെ ഒരുക്കൽ സ്കൂൾ
തല ഗണിതമേള . ഗണിത ക്ലബ്ബ്.

## പരിസരപഠനം

ലക്ഷ്യം : ശാസ്ത്രാഭിരുചി വളർത്തൽ, പ്രകൃതി
സൗഹൃദ മനോഭാവം, ശാസ്ത്ര പോഷണ പരിപാടി
സ്കൂൾതല ശാസ്ത്രമേള, പരീക്ഷണക്കളരി, പ്രകൃതി
നടത്തം, പഠനയാത്ര ; ശാസ്ത്ര ക്ലബ്ബ്.

## കായികം.

ലക്ഷ്യം: ശാരീരിക മാനസിക വികാസം
യോഗ, കരാട്ടെ, കായികമേളക്കുള്ള
പരിശീലനം.

## എൽ. എസ്. എസ്. പരിശീലനം.

ലക്ഷ്യം : പ്രതിഭാപോഷണം.

വർഷാരംഭം മുതൽ നാലാം തരത്തിലെ
മികച്ച കുട്ടികൾക്ക് പ്രത്യേക പരിശീലന
ക്ലാസ്സ് വാരാന്ത്യ പരീക്ഷകൾ, വർക്ക് ഷീറ്റുകൾ.

## ബാലസഭ

ലക്ഷ്യം: പ്രതിഭാപോഷണം.

## ബാലസഭ

**ലക്ഷ്യം : സർഗ്ഗശേഷി വികസനം.**

കലാപഠനത്തിന്റെ ഭാഗമായി എല്ലാ വെള്ളിയാഴ്ചയും ബാലസഭ സ്കൂൾ കലോത്സവത്തിനായി പ്രത്യേകം പരിശീലന ക്ലാസ്, സ്കൂൾ വാർഷികത്തിനായുള്ള തയ്യാറെടുപ്പ്, അഭിനയക്കളരി, കാവ്യാസ്വാദനം

## പൊതുവിജ്ഞാനം

**ലക്ഷ്യം: സർഗ്ഗശേഷി വികസനം;**

വിദഗ്ധരുടെ നേതൃത്വത്തിൽ പരിശീലന ക്യാമ്പ്.

**മത്സര പരീക്ഷയ്ക്ക് തയ്യാറാക്കൽ.**

അസംബ്ലിയിൽ വാർത്താവതരണം, പ്രതിവാര ക്വിസ് മത്സരം, ഉത്തരപെട്ടി, ന്യൂസ് ബോർഡ്; ദിനാചരണങ്ങളുടെ ഭാഗമായി എല്ലാക്ലാസുകളിലും ക്വിസ് മത്സരം.

## ഭാഷ

പ്രവർത്തനങ്ങൾ I to IV

1. **സചിത്ര പുസ്തകം:** അധ്യാപികയുടെയും, കുട്ടികളുടെയും പങ്കാളിത്തത്തോടെ നടത്തുന്നു.

2. **സംയുക്ത ഡയറി:** കുട്ടികളുടെയും, രക്ഷിതാക്കളുടെയും പങ്കാളിത്തത്തോടെ ചെയ്യുന്നു.

**പാട്ടരങ്ങ്** : ചെറു വായ്ത്താരികളോട് കൂടി, വാദ്യങ്ങൾ ഉപയോഗിച്ച് ചെറുസദസ്സുകൾ ആനന്ദകരമാക്കുന്നു.

**വായനോത്സവം മുതൽ മലയാളം മധുരം വരെ**

വായന പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ചെറുകഥകൾ, കവിതകൾ എന്നിവ വായിക്കാനവസരം നൽകുന്നു.

**കഥോത്സവം**

വായിച്ച കഥ അവതരിപ്പിക്കാനവസരം നൽകുന്നു.

**റീഡേഴ്സ് തിയറ്റർ**

വ്യത്യസ്ത കഥകൾ ഉചിതമായ ശബ്ദ വ്യതിയാനത്തോടെ വായിച്ച് അവതരിപ്പിക്കുന്നു.

**രചനോത്സവം.**

ആകർഷകവും, ഭാവന ഉണർത്തുന്നതുമായ ചിത്രങ്ങൾ നൽകി സ്വന്തമായി കഥ, കവിത, വിവരണം, .. തുടങ്ങിയവ രചിക്കാനുള്ളവസരം നൽകുന്നു.

# ഉപസംഹാരം

വിദ്യാലയ മികവ് എന്നതുകൊണ്ട് ലക്ഷ്യമിടുന്നത് അക്കാദമിക മികവ് തന്നെയാണ്. കുട്ടി നേടേണ്ട പഠന നേട്ടങ്ങളോടൊപ്പം സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

അധ്യാപകരുടെയും, രക്ഷിതാക്കളുടെയും, നാട്ടുകാരുടെയും, സർക്കാരിന്റെയും കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ നമുക്കിത് ഉദ്ദേശിച്ച ഫലപ്രാപ്തിയിൽ എത്തിക്കാൻ സാധിക്കുകയുള്ളൂ.

. . .